# തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**ഹാജർ : കെ.പി. ശ്രീകുമാർ**

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായ ശ്രീമതി. റ്റി.ആർ. ശോഭന, ശ്രീമതി. സി. റംലത്ത് എന്നിവർക്ക് ഫെയർ കോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-
1. ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 21.02.2010 ലെ ഇ2-5510/2010 നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 13.05.2014 ലെ ഇ2-4047/2014 നമ്പർ ഉത്തരവ്.
3. ശ്രീമതി റ്റി.ആർ. ശോഭന, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 01.08.2014 ലെ അപേക്ഷ.

## ഉത്തരവ് നമ്പർ ഇ2-4047/2014 തീയതി 10.11.2014

വനം വകുപ്പിൽ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. മറിയാമ്മ തോമസ് 30.09.2014 ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്നും കോട്ടയം ഫീൽഡ് ഡയറക്ടർ ഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീമതി പി.എൻ. ഓമന 31.10.2014 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നും ഫെയർകോപ്പി സൂപ്രണ്ടുമാരുടെ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച ടൈപ്പിസ്റ്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 30 ശ്രീമതി. പി.കെ. റുക്കിയ വരെയുള്ളവർക്ക് ഫെയർ കോപ്പി സൂപ്രണ്ടായി പ്രൊമോഷൻ നൽകിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ടി സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 25 ശ്രീമതി റ്റി.ആർ. ശോഭന 01.09.2013 മുതൽ 31.08.2014 വരെയുള്ള ഒരു വർഷക്കാലത്തേയ്ക്ക് സ്ഥാനക്കയറ്റത്തിൽ നിന്നും താൽക്കാലികമായി വിട്ടൊഴിയുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നതും ആയത് അനുവദിക്കുകയും ചെയ്തിരുന്നു. ടിയാളുടെ സ്ഥാനക്കയറ്റത്തിൽ നിന്നും താൽക്കാലികമായി വിട്ടൊഴിഞ്ഞ കാലാവധി 31.08.2014 ന് അവസാനിച്ചിട്ടുള്ളതിനാൽ 01.10.2014 ന് ഉണ്ടായ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ഒഴിവി

ലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് ടിയാൾ അർഹയാണ്. കൂടാതെ 1.10.2014 ന് ഉണ്ടാകുന്ന ഫെയർകോപ്പി സൂപ്രണ്ടിന്റെ ഒഴിവിലേയ്ക്ക് സ്ഥാന ക്കയറ്റം നൽകണമെന്ന് സൂചന (3) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുമു ണ്ട്.

മേൽ സാഹചര്യത്തിൽ 01.10.2014, 01.11.2014 തീയതികളിൽ വനം വകു പ്പിൽ ഉണ്ടായിട്ടുള്ള ഫെയർ കോപ്പി സൂപ്രണ്ടുമാരുടെ ഒഴിവിലേയ്ക്ക് യഥാ ക്രമം താഴെ പറയുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാർ സ്ഥാനക്കയറ്റത്തിന് അർഹത നേടിയിട്ടുണ്ട്.

| ക്രമ നമ്പർ | താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പേര് | നിലവിൽ ജോലി നോക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | 25 | റ്റി.ആർ. ശോഭന | വൈൽഡ് ലൈഫ് ഡിവിഷൻ, ഇടുക്കി |
| 2. | 31 | സി. റംലത്ത് | സൗത്ത് വയനാട് ഡിവിഷൻ |

മേൽ സാഹചര്യത്തിൽ ശ്രീമതി റ്റി.ആർ. ശോഭന, ശ്രീമതി. സി. റംലത്ത് എന്നീ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ 16180-29180 രൂപ ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി [illegible] താഴെ പറയുംപ്രകാരം നിയമനം നൽകിക്കൊണ്ട് ഉത്തരവാകു ന്നു.

| ക്രമ നമ്പർ | പേര് | നിയമനം നൽകുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീമതി. റ്റി.ആർ. ശോഭന | O/o. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈ റേഞ്ച് സർക്കിൾ), കോട്ടയം. |
| 2. | ശ്രീമതി സി. റംലത്ത് | O/o. ഫീൽഡ് ഡയറക്ടർ, കോട്ടയം |

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചവർക്ക് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ സ്ഥാന

ക്കയറ്റത്തെ തുടർന്നുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. സ്ഥാനക്കയറ്റം മൂലമുള്ള സ്ഥലംമാറ്റത്തിന് ചട്ടപ്രകാരമുള്ള യാത്രപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :
1. വ്യക്തികൾക്ക് മേലധികാരികൾ മുഖേന
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട്/ വൈൽഡ്ലൈഫ് വാർഡൻ, ഇടുക്കിയ്ക്ക് മേൽ നടപടിയ്ക്കായി
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,(നോർത്തേൺ സർക്കിൾ) കണ്ണൂർ/ഹൈറേഞ്ച് സർക്കിൾ, കോട്ടയം/ഫീൽഡ് ഡയറക്ടർ (പ്രോജക്റ്റ് ടൈഗർ), കോട്ടയത്തിന്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) ടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.
5. ഫയൽ/സ്റ്റോക്ക് ഫയൽ/സ്പെയർ

Y:\E2-ANOOP\E2 -4047-14.doc